**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1752** **29-09-2025 - ൽ മറുപടിയ്ക്ക്**

**കുറുപ്പന്തറ കാർഷികസംഘത്തിന് ലഭിക്കാനുള്ള കുടിശിക അനുവദിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ ഇപ്പോൾ പരിശോധിച്ചുകൊണ്ടിരിക്കുന്ന വിപണികളെ നോട്ടിഫൈഡ് മാർക്കറ്റുകളാക്കുന്ന നടപടിക്രമം എപ്പോഴാണ് പൂർത്തിയാകുന്നത്; കുറുപ്പന്തറ കാർഷിക സംഘം ഉൾപ്പെടെ മറ്റു കാർഷിക സംഘവിപണികളെ എത്ര സമയത്തിനുള്ളിൽ പദ്ധതിയിൽ ഉൾപ്പെടുത്തും; വിശദമാക്കാമോ; | (എ) | കുറുപ്പന്തറ ജില്ല സംഭരണ കേന്ദ്രം ഉൾപ്പടെയുള്ള വിപണികളെ നോട്ടിഫൈഡ് മാർക്കറ്റുകൾ ആക്കുന്ന വിഷയം സർക്കാർ പരിശോധിച്ച് വരികയാണ്. |
| (ബി) | ദൂരപ്രദേശങ്ങളിൽനിന്നും കാർഷികോല്പന്നങ്ങൾ വിപണിയിലേക്ക് എത്തിക്കുന്ന കർഷകർക്ക് ഇപ്പോൾ നൽകിവരുന്ന ട്രാൻസ്പോർട്ടേഷൻ സബ്സിഡിയുടെ പരിമിതികൾ വർദ്ധിപ്പിച്ച് 75 കി.മീ. വരെ പ്രത്യേകം നിരക്കുകൾ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (ബി) | നിലവിൽ 25 കിലൊ മീറ്റർ വരെ ദൂരപരിധിയിൽ ട്രാൻസ്പോർട്ടേഷൻ സബ്സിഡി കിലോയ്ക്ക് 1.50-രൂപ പ്രകാരമാണ് നൽകി വരുന്നത്, 26 km മുതൽ 50 km വരെ കിലോയ്ക്ക് 2.00-രൂപയും, 50 kmനു മുകളിൽ കിലോയ്ക്ക് 2.50-രൂപയും നൽകി വരുന്നു. |
| (സി) | ട്രാൻസ്പോർട്ടേഷൻ ചാർജ് സബ്സിഡി, കാർഷിക മൊത്ത വിപണികൾക്കുപുറമേ കാർഷിക സംഘങ്ങളും സഹകരണ സംഘങ്ങളും വഴിയുള്ള കാർഷികോല്പന്ന വില്പനയ്ക്കുംകൂടി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (സി) | ടി വിഷയം സംബന്ധിച്ച പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിയ്ക്കുന്നതാണ്. |
| (ഡി) | ഹോർട്ടികോർപ്പിന് സ്ഥിരമായി നൽകിവരുന്ന കാർഷിക ഉല്പന്നങ്ങളുടെ തുക ലഭിക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കുറുപ്പന്തറ കാർഷിക സംഘത്തിന്റെ കുടിശിക ഹോർട്ടികോർപ്പിൽനിന്ന് അനുവദിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (ഡി) | കുറുപ്പന്തറ കാർഷിക സംഘത്തിൽ നിന്നും 2025 ജൂലൈ 31 വരെ പച്ചക്കറി സംഭരിച്ച വകയിൽ ഹോർട്ടികോർപ്പ് നൽകേണ്ട തുക പൂർണ്ണമായും നൽകി കഴിഞ്ഞു. ആഗസ്റ്റ് / സെപ്റ്റംബർ മാസങ്ങളിൽ സംഭരിച്ച പച്ചക്കറികളുടെ തുക നൽകുവാനുള്ള നടപടിയും സ്വീകരിച്ച് വരികയാണ്. |
| (ഇ) | പഴവർഗങ്ങളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വ്യാപിപ്പിക്കുന്നതിനും സംസ്ഥാന കൃഷിവകുപ്പ് ക്ലസ്റ്റർ അടിസ്ഥാനത്തിൽ നടപ്പാക്കുന്ന പദ്ധതിയായ ഡെവലപ്മെന്റ് ഓഫ് ഫ്രൂട്ട്സ്-എസ്റ്റാബ്ലിഷ്മെന്റ് ഓഫ് ന്യൂ ഫ്രൂട്ട് ക്ലസ്റ്റർ 2025-2026 പദ്ധതിയിൽ ഉൾപ്പെടുത്തി അവക്കാഡോ, വാഴ, ഡ്രാഗൺ ഫ്രൂട്ട് | (ഇ) | കേരളീയരുടെ ആരോഗ്യസംരക്ഷണം മുൻനിർത്തി കൊണ്ടും, ഫലവർഗ്ഗ വിളകളുടെ ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായും, ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനുമായി കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ 2025-26 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുന്ന പദ്ധതിയാണ് |

| | | | |
|---|---|---|---|
| | പ്ലാവ്, പപ്പായ, പാഷൻ ഫ്രൂട്ട്, പൈനാപ്പിൾ, റംബൂട്ടാൻ എന്നീ ഫലസസ്യങ്ങൾ ഒന്നായോ ഇടകലർന്നോ കൃഷി ചെയ്യുന്നതിന് കർഷകർക്ക് ആനുകൂല്യം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; കടുത്തുരുത്തി നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന 11 പഞ്ചായത്തുകളെ ഫ്രൂട്ട് ക്ലസ്റ്റർ പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ? ഇതുസംബന്ധിച്ച് 4/8/2025 ൽ ബഹു. കൃഷി വകുപ്പുമന്ത്രിക്ക് നൽകിയ നിവേദനത്തിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ; | | പഴവർഗ്ഗ ക്ലസ്റ്ററുകളുടെ രൂപീകരണം (എസ്റ്റാബ്ലിഷ്മെന്റ് ഓഫ് ന്യൂ ഫ്രൂട്ട് ക്ലസ്റ്റർ). തദ്ദേശീയവും വിദേശീയവുമായ ഫലവർഗ്ഗ വിളകളുടെ കൃഷി പ്രോത്സാഹിപ്പിക്കുകയും അതു വഴി ഫലവർഗ്ഗ വിളകളുടെ വിസ്തൃതിയും ഉല്പാദനവും ഉല്പാദന ക്ഷമതയും വർദ്ധിപ്പിക്കുവാനും സാധിക്കുന്നു. വീട്ടുവളപ്പിൽ സുരക്ഷിതമായ വിവിധയിനം ഫലവർഗ്ഗങ്ങളുടെ ഉല്പാദനം ഇതുവഴി സാധിക്കുന്നു. ക്ലസ്റ്ററിൽ ഉൾപ്പെടുന്ന കർഷകർ കുറഞ്ഞത് 25 സെന്റ് മുതൽ പരമാവധി 1 ഹെക്ടർ വരെ കൃഷി ചെയ്യേണ്ടതാണ്. 5 ഹെക്ടർ വിസ്തൃതിയുള്ള ഒരു ഫലവർഗ ക്ലസ്റ്ററിൽ ഒന്നോ അതിലധികമോ ഫലവർഗവിളകൾ ഉണ്ടായിരിക്കണം. ഒരു വിളയായും ഇടവിളയായും കൃഷി ചെയ്യുന്ന കർഷകർക്ക് പദ്ധതിയിലൂടെ ധനസഹായം ലഭിക്കുന്നു. 2025-26 സാമ്പത്തിക വർഷത്തിൽ, ആവക്കാഡോ, വാഴ, മാവ്, പ്ലാവ്, റംബൂട്ടാൻ, പപ്പായ, ഡ്രാഗൺ ഫ്രൂട്ട്, മാങ്കോസ്റ്റിൻ, സ്ട്രോബറി, പൈനാപ്പിൾ മുതലായ തദ്ദേശീയവും, വിദേശീയവുമായ ഫലവൃക്ഷങ്ങൾ 1670 ഹെക്ടർ പ്രദേശത്ത് കൃഷി ചെയ്യുന്നതിന് ലക്ഷ്യമിടുന്നു.<br><br>പഴവർഗ്ഗങ്ങളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വ്യാപിപ്പിക്കുന്നതിനുമായി സംസ്ഥാന കൃഷി വകുപ്പ് ക്ലസ്റ്റർ അടിസ്ഥാനത്തിൽ നടപ്പിലാക്കുന്ന Development of Fruits – Establishment of New Fruit Cluster 2025-26 പദ്ധതിയിലുൾപ്പെടുത്തി, കോട്ടയം ജില്ലയിലെ കടുത്തുരുത്തി നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന 11പഞ്ചായത്തുകളെ ഫ്രൂട്ട് ക്ലസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>04/08/2025 ൽ ബഹു. കൃഷി മന്ത്രിക്ക് നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ, Establishment of New Fruit Cluster 2025-26 പദ്ധതിയിലുൾപ്പെടുത്തി കോട്ടയം ജില്ലയ്ക്ക് അനുവദിച്ചിരിക്കുന്ന 31 ഫ്രൂട്ട് ക്ലസ്റ്ററിൽ 5 ഹെക്ടർ വീതം വരുന്ന 11 ക്ലസ്റ്റർ കടുത്തുരുത്തി നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന 11 പഞ്ചായത്തുകളിൽ ഓരോ ക്ലസ്റ്റർ വീതം നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (എഫ്) | കുറുപ്പന്തറ ജില്ലാ ലേലകേന്ദ്രത്തിന്റെ ഇൻഫ്രാസ്ട്രക്ചർ വികസനത്തിനായി കൃഷിവകുപ്പ് തയ്യാറാക്കി നൽകിയിട്ടുള്ള എസ്റ്റിമേറ്റ് അംഗീകരിച്ചിട്ടുണ്ടോ; എങ്കിൽ അടിയന്തര അടിസ്ഥാനസൗകര്യ വികസനപ്രവർത്തനങ്ങൾ | (എഫ്) | കുറുപ്പന്തറ ജില്ലാ ലേല കേന്ദ്രത്തിന്റെ ഇൻഫ്രാസ്ട്രക്ചർ വികസനത്തിനായി പ്രൊപ്പോസൽ, എസ്റ്റിമേറ്റ് എന്നിവ ജില്ലാതല മോണിറ്ററിങ് കമ്മിറ്റിയുടെ തീരുമാനം സഹിതം |

| | | | |
|---|---|---|---|
| | നടപ്പാക്കുന്നതിനുള്ള നടപടി ഏതുഘട്ടത്തിലാണെന്ന് വിശദീകരിക്കാമോ? | | കൃഷി ഡയറക്ടർക്ക് 18.09.2025-ന് ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ